(7) തൃശൂർ എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, ഗവൺമെൻറിന്റെ പൊതു ഉടമയിലുള്ള തൃശൂർ എൻജിനീയറിംഗ് കോളേജിൽ രണ്ടായിരത്തിലേറെ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അവിടെ ഇപ്പോൾ 400 കുട്ടികൾക്കു മാത്രമേ ഹോസ്റ്റൽ സൗകര്യമുള്ളൂ. 700 കുട്ടികൾക്കുകൂടി ഹോസ്റ്റൽ സൗകര്യം ലഭിക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ട് അവിടത്തെ കെ. എസ്. യു. തുടങ്ങിയ വിദ്യാർത്ഥി സംഘടനകൾ സമരത്തിലാണ്. സമരത്തിന്റെ ഭാഗമായി അവർ കിടക്കാനുള്ള ഉപകരണങ്ങളുമായി ക്ലാസ് മുറികളിലാണ് കടന്നുകയറിയത്. അവിടെ ഹോസ്റ്റൽ സൗകര്യം ഉടനടി ഉണ്ടാക്കുന്നതിനും ലബോറട്ടറി സൗകര്യം വർദ്ധിപ്പിക്കുന്നതിനും കമ്പ്യൂട്ടർ സയൻസ് കോഴ്സ് പഠിപ്പിക്കുന്നതിനാവശ്യമായ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനും ക്ലാസ് മുറികൾ വിപുലപ്പെടുത്തി കൂടുതൽ മുറികൾ പണിയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോടഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, അവിടെ 25 ലക്ഷം രൂപയുടെ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി കൊടുത്തിട്ടുണ്ട്. അതിന്റെ നടപടികൾ ഉടനെതന്നെ ആരംഭിക്കാനുള്ള നിർദ്ദേശവും കൊടുത്തു കഴിഞ്ഞു. അവിടെ കമ്പ്യൂട്ടർ ഡിഗ്രി കോഴ്സ് പഠിപ്പിക്കുന്നതിനാവശ്യമായ അദ്ധ്യാപകരുടെ ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനുള്ള നടപടികൾ എടുക്കുകയും ഇന്നലെ രണ്ട് അദ്ധ്യാപകർ അവിടെ പോയി ജോയിൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ വിദ്യാർത്ഥികൾ ഉന്നയിച്ചിരുന്ന മറ്റാവശ്യങ്ങളെ സംബന്ധിച്ച് ഒരു ചർച്ച നടത്താൻവേണ്ടി ഞാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് പറഞ്ഞിരുന്നു. അതനുസരിച്ച് അദ്ദേഹം ഇന്ന് വിദ്യാർത്ഥികളുമായി ചർച്ച നടത്തുന്നുണ്ട്. അവിടത്തെ പ്രശ്നങ്ങളെല്ലാം അടിയന്തിരമായി പരിഹരിക്കുന്നതാണ്.

(8) എക്സ് സർവീസ് എൻജിനീയേഴ്സ് കംബെയിൻ കോവാപ്പ റേറീവ് സൊസൈറ്റിയിൽ നിന്ന് പിരിച്ചുവിട്ട തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, മട്ടാഞ്ചേരി എറണാകുളം മേഖലയിലെ വിമുക്തഭടൻമാരായ കുറെ ആളുകൾ ചേർന്ന് രൂപീകരിച്ച ഒരു സ്ഥാപനമാണ് എക്സ് സർവീസ് എൻജിനീയേഴ്സ് കംബെയിൻ കോ-ഓപ്പറേറീവ് സൊസൈറ്റി നമ്പർ 770. വിമുക്തഭടൻമാർക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി സ്ഥാപിച്ച ഇതിൽ ഒട്ടനവധി എക്സ് സർവ്വീസുകാർ അംഗങ്ങളാവുകയും അവരുടെ ബസ് സർവ്വീസുകളിൽ ജോലി നേടുകയും വർക്ക്ഷോപ്പ് ജോലിക്കാരായി ചേരുകയും ചെയ്തു. ഒരു വ്യാഴവട്ടക്കാലത്തെ ഭംഗിയായ പ്രവർത്തനത്തിനുശേഷം ആ സംഘത്തിന്റെ പ്രവർത്തനം നിലയ്ക്കുകയും കഴിഞ്ഞ എട്ടുപത്തു വർഷമായി അത് ലിക്വിഡേഷനിലാവുകയും ചെയ്തു. നമ്മുടെ കോ-ഓപ്പറേറീവ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരുടെ അധീനതയിലാണ് അത് നില്ക്കുന്നത്. ഈ ഘട്ടത്തിൽ തൊഴിലാളികളും അംഗങ്ങളുമായ തൊഴിലാളികൾക്ക് ലഭിക്കാൻ അർഹമായ ശമ്പള കുടിശ്ശിക, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾക്കുള്ള ക്ലെയിം പെറ്റീഷൻ കൊടുക്കാൻ ഇടവരികയും

LIBRARY ARCHIVES Kerala Legislative Assembly

അതിനെ തുടർന്ന് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ 71,962 രൂപ 90 പൈസ തൊഴിലാളികൾക്ക് കൊടുക്കാൻ വിധിക്കുകയും ചെയ്തു. ഈ പണം കൊടുക്കാതായതിനെ തുടർന്ന് അവർ ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി അത് ഉടനെ കൊടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വീണ്ടും കൊടുക്കാതായതിനെ തുടർന്ന് അവർ ഡിവിഷൻ ബഞ്ചിന് അപ്പീൽ കൊടുത്തു. അതിനെ തുടർന്ന് ഡിവിഷൻ ബഞ്ച് റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് ഈ സംഖ്യ വസൂലാക്കി അവർക്ക് കൊടുക്കണമെന്ന് കൊച്ചി തഹശീൽദാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വിമുക്ത ഭടൻമാരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഇൻഡ്യാ ഗവൺമെൻറ് രൂപീകരിച്ച യുദ്ധാനന്തരപുനരുദ്ധാരണഫണ്ടിൽനിന്ന് 33,375 രൂപ നൽകിയാണ് സൊസൈറ്റിയുടെ ആഫീസും വർക്ഷോപ്പിരിക്കുന്ന സ്ഥലവും എല്ലാം വാങ്ങിയത്. ഇപ്പോൾ ആ ഫണ്ട് ഓപ്പറേറ്റു ചെയ്യുന്നത് അമാൽഗമേറ്റഡ് ഫണ്ട് എന്ന പേരിൽ എക്സിക്യൂട്ടീവ് ഡയറക്ടറാണ്. പ്രസ്തുത സ്ഥലം വിറ്റാൽ ഇപ്പോൾ പത്തു ലക്ഷത്തിലധികം ഉറുപ്പിക കിട്ടും. 33,375 രൂപ കഴിച്ച് ബാക്കിയുള്ള സംഖ്യ അതിലെ അംഗങ്ങൾക്കു ലഭിക്കാൻ അർഹതയുള്ളതാണ്. ആ അവകാശപ്പെട്ട സംഖ്യ കോടതിവിധി പ്രകാരം തൊഴിലാളികൾക്ക് കൊടുക്കാതിരിക്കുന്നത് വലിയ അനീതിയായിരിക്കും. അതുകൊണ്ട് തൊഴിലാളികൾക്ക് കോടതിവിധി പ്രകാരം ലഭിക്കേണ്ട ഉറുപ്പിക പ്രസ്തുത സ്ഥലത്തിൻെറ വിലയിൽ നിന്ന് വസൂലാക്കുന്നതിന് അമാൽഗമേറ്റഡ് ഫണ്ടിൻെറ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന് കാണിച്ചുകൊണ്ട് 11-12-1984-ൽ തൊഴിലാളികൾ മുഖ്യമന്ത്രിക്ക് ഒരു നിവേദനം കൊടുത്തിട്ടുണ്ട്. അതിൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. പ്രസ്തുത തൊഴിലാളികളെല്ലാം വിമുക്തഭടൻമാരാണ്. വാർദ്ധക്യം ബാധിച്ചവരാണ്. എന്തെങ്കിലും തൊഴിൽ ചെയ്യാൻ ആരോഗ്യമില്ലാത്തവരാണ്. യുദ്ധരംഗത്ത് വിലപ്പെട്ട സേവനം അനുഷ്ഠിച്ച അവർക്കു വാർദ്ധക്യകാലത്ത് ദയനീയ പരിതഃസ്ഥിതിയാണ്. നിയമപ്രകാരം അവർക്കു ലഭിക്കേണ്ട പിരിച്ചുവിടൽ ആനുകൂല്യങ്ങൾ നൽകുന്നതിന് അമാൽഗമേറ്റഡ് ഫണ്ടിൻെറ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അടിയന്തിര നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ എക്സ് സർവ്വീസുകാർക്ക് എന്തെങ്കിലും തൊഴിലവസരം ഉണ്ടാക്കാൻ വേണ്ടിയാണ് അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഫണ്ടിൽനിന്ന് പണമെടുത്ത് എൻജിനീയറിംഗ് കൺസേൺ തുടങ്ങിയത്. പക്ഷെ അത് ഭീമമായ നഷ്ടത്തിലാണ് കലാശിച്ചത്. അവസാനമായി അത് ലിക്വിഡേഷനിലുമാണ്. ലിക്വിഡേഷനിലിരിക്കുന്ന ഈ സ്ഥാപനത്തിൽ കൂടി ബാദ്ധ്യതകൾ തീർക്കാൻ തൊഴിലാളികളെക്കൊണ്ട് സാദ്ധ്യമല്ലെന്നാണ് അമാൽഗമേറ്റഡ് ഫണ്ടിൻെറ ഉത്തരവാദിത്വം വഹിക്കുന്ന ആളുകൾ അറിയിച്ചിട്ടുള്ളത്. കോടതിവിധി നടപ്പിലാക്കുന്നതിന് തീർച്ചയായും റവന്യൂ റിക്കവറി ആക്ട് അനുസരിച്ചുള്ള നടപടികളിലൂടെ നീങ്ങുമായിരിക്കും. ഏതായാലും ശരി അമാൽഗമേറ്റഡ് ഫണ്ടിൽനിന്ന് പണം കൊടുക്കാൻ സാദ്ധ്യമല്ലായെന്നുള്ള കാര്യം അവരെ അറിയിച്ചിട്ടുണ്ട്. ലിക്വിഡേറ്റർ അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ലിക്വിഡേറ്ററുടെ റിപ്പോർട്ട് കിട്ടിയാൽ ഗവൺമെൻറിന് എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമാണെന്നു കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly